# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1810 **15.07.2016-ൽ** മറുപടിക്ക്

<u>സ്വയംപര്യാപ്ത ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കുഴൽമന്ദം പഞ്ചായത്തിലെ പെരച്ചിലംകാട് കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കുഴൽമന്ദം പഞ്ചായത്തിലെ പെരച്ചിലംകാട് കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടില്ല |
| (ബി) | ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്നും ഇനി ഏതെല്ലാമാണ് പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) | **<u>പൂർത്തീകരിച്ച പ്രവൃത്തികൾ</u>**<br>കിണർ നവീകരണം, ഇലക്ട്രിക് പോസ്റ്റ് മാറ്റലും ലൈൻ വലിക്കലും<br>**<u>ഭാഗീകമായി പൂർത്തീകരിച്ചവ</u>**<br>കോൺക്രീറ്റ് റോഡ്, അരിക് ഭിത്തി നിർമ്മാണം<br>**<u>പൂർത്തീകരിക്കാനുള്ളവ</u>**<br>കോൺക്രീറ്റ് റോഡ്, അരിക് ഭിത്തി നിർമ്മാണം, അംഗൻവാടി ടൈൽസ് പാകൽ, കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ, കുഴൽക്കിണർ വാട്ടർ ടാങ്ക് നിർമ്മാണം, വഴിവിളക്ക് സ്ഥാപിക്കൽ, വീട് റിപ്പയറിംഗ് |
| (സി) | പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്ന ഏജൻസിയ്ക്ക് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | പ്രവൃത്തി ഏറ്റെടുത്ത ഏജൻസിയായ കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തിന് 65/- ലക്ഷം (അറുപത്തി അഞ്ച് ലക്ഷം) രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി അടിയന്തിരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

Rashmi

സെക്ഷൻ ഓഫീസർ